# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/1274/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P6/1274/21 തീയ്യതി: 05/04/2022

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ശശിജോഷ് എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിന്ധു റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് വി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷൈല സലീംലാൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വി.സുജിത്ത്കുമാർ | സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ.മുഹമ്മദ് റിസ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-07-2019 | 18-07-2019 |
| ശ്രീ. സലീൽ എവുജിൻ | സെക്രട്ടറി | 19-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുഹമ്മദ് റിസ.എ | അസി.സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ. ബിജി. പി | അസി.സെക്രട്ടറി | 26-07-2019 | 31-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി.ജി. എസ് സുനിത | അസി.സെക്രട്ടറി | 01-08-2019 | 02-01-2020 |
| ശ്രീമതി.പ്രശാന്തി എസ് | അസി.സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീ.അബു സെയ്ദ് | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ ശശി | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജ.കെ.ജി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷാ റാണി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി.ജയലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-12-2019 | 31-03-2020 |
| ശ്രീമതി.ആനിയമ്മ.എം | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ശശികല.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.സജിത്ത് സാം | വെറ്റിനറി സർജൻ | 01-04-2019 | 21-11-2019 |
| ഡോ. പ്രസന്നകുമാർ | വെറ്റിനറി സർജൻ | 22-11-2019 | 31-03-2020 |
| ശ്രീമതി.സ്നേഹ.എസ്.മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആരതി കൃഷ്ണ | വി.ഇ.ഒ. | 01-04-2019 | 27-02-2020 |
| ശ്രീ. സുഭാഷ്. എസ് | വി.ഇ.ഒ. | 28-02-2020 | 31-03-2020 |
| ശ്രീ. ബിനീഷ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി. അശ്വതി സുന്ദർ | അക്രഡിറ്റഡ് ഓവർസിയർ(എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്വപ്ന സോണി | അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.Sindhu (Asst. Audit Officer, On 07-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.Sindhu (Asst. Audit Officer, On 07-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 07-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: T.Sindhu (Asst. Audit Officer, On 04-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 07-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: T.Sindhu (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 06-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 19-03-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷാപെൻഷൻ മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 29600/- രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Aneesh V.S (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 04-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-10 |
| 14 | തെരുവ് വിളക്ക് പരിപാലനം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച.<br>Written By: Pradeep Kumar P (Audit Officer (HG), On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-11 |
| 15 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-12 |
| 16 | കാർഷിക കർമ്മസേനയ്ക്ക് യന്ത്രോപകരണങ്ങൾ - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: T.Sindhu (Asst. Audit Officer, On 14-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-13 |
| 17 | മേശയും കസേരയും വ്യത്യസ്തനിരക്കിൽ വാങ്ങിയതിലെ നഷ്ടം<br>Written By: T.Sindhu (Asst. Audit Officer, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-14 |
| 18 | മരാമത്ത് പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയതിൽ കുറവ്.<br>Written By: A.Sasijosh (Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-15 |
| 19 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: T.Sindhu (Asst. Audit Officer, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 1-16 |
| 20 | പാലിന് സബ്സിഡി- പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Aneesh V.S (Senior Grade Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-17 |
| 21 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-18 |

| | | |
|---|---|---|
| | Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനം കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: A.Sasijosh (Audit Officer, On 16-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാർഷിക കർമ്മസേനയ്ക്ക് യന്ത്രോപകരണങ്ങൾ - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Bini Chandran S (Computer Assistant, On 23-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 3-1 |
| 2 | മേശയും കസേരയും വ്യത്യസ്തനിരക്കിൽ വാങ്ങിയതിലെ നഷ്ടം<br>Written By: Bini Chandran S (Computer Assistant, On 23-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 3-2 |
| 3 | പാലിന് സബ്സിഡി- അധികമായി അനുവദിച്ച 35698/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Aneesh V.S (Senior Grade Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 3-3 |
| 4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനം കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: Bini Chandran S (Computer Assistant, On 04-04-2022)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: T.Sindhu (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Rajina A.S (Auditor, On 08-09-2021) | 4-4 |
| 5 | വായ്പാ തിരിച്ചടവ്<br>Written By: T.Sindhu (Asst. Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Rajina A.S (Auditor, On 08-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 05-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 08-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 04-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 05-09-2021)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

16-02-2019 തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29/1/2020 തീയതിയിലെ 9 (1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 08-06-2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. ശുചിത്വമിഷൻ ഗ്രാന്റ് 2019-20 ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് 6,51,240/-രൂപയായും മുൻവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം നീക്കിയിരുപ്പ് തുക 3,79,720/- രൂപയായും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. 2019-20 വർഷം വരവ് വന്നിട്ടില്ല. പൊരുത്തക്കേടിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

2. റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇൻസ്ട്രുമെന്റ് നമ്പർ 090430/08.02.18, 1250/-രൂപ 2019-20 വർഷവും 2020-21 വർഷവും ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. Supplier's EMD, Bidder's EMD വരവു ചെലവ് തുകകൾ രജിസ്റ്റർ പ്രകാരമുള്ളത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുപ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|
| I) Supplier's EMD | |
| വരവ്- 8000/- | വരവ്- 18530/- |
| ചെലവ് - 26,650/- | ചെലവ് - 13530/- |
| II) Bidder's EMD | |
| വരവ്- 30500/- | വരവ്- 30500/- |
| ചെലവ് - 0 | ചെലവ് - 47520/- |

എല്ലാ വരവ് തുകകളും വരവായി ഉൾപ്പെടുത്താതെ നേരിട്ട് തിരികെ നൽകുകയാണോ ചെയ്യുന്നത് എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. മാർക്കറ്റ് ലേലം ഡിമാൻഡ്, കളക്ഷൻ, അഡ്വാൻസ് തുകകൾ വാർഷികകണക്കും രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് വാർഷികകണക്ക പ്രകാരമുള്ള തുക 25,94,012/- രൂപ രജിസ്റ്റർ പ്രകാരമുള്ള പാർട്ട് ബിൽ തുക 45,00,888/- രൂപ. തുകകൾ പൊരുത്തപ്പെടുന്നില്ല.

6. ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള B-12 1000/-രൂപ ഇൻവെസ്റ്റ്മെന്റ് ഇക്വിറ്റി ഷെയേഴ്സ് അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. സ്റ്റോക്കിന്റെ മൂല്യം ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ബാലൻസ്ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് തുകകളായ ചുവടെ ചേർക്കുന്നവയുടെ നിലവിലെ വിവരങ്ങൾ വിശദമാക്കിയിട്ടില്ല.

| |
|---|
| Deposit With Kerala Water Authority - 15,10,135/- |
| Deposit With PWD - 12,000/- |
| Advance To Implimenting Officers - 1,26,063/- |
| Electricity Deposits - 8000/- |
| Other Deposits - 2845/- |

9. എസ്.ബി.ടി Literacy Grant നീക്കിയിരുപ്പ് തുക 18,350/-രൂപ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. ജോയിൻ വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജോയിൻ വെഞ്ചർ അക്കൗണ്ട് മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുപ്രകാരം | ട്രഷറി ജോയിൻ വെഞ്ചർ അക്കൗണ്ട് പ്രകാരം |
|---|---|
| OB- 4,58,712/- | 0 |
| CB - 22,60127/- | 0 |

11. വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20084806/- രൂപ |
| വരവ് | 96864589/- രൂപ |
| ആകെ | 116949395/- രൂപ |
| ചെലവ് | 99294492/- രൂപ |
| നീക്കിയിരിപ്പ് | 17654903/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 703979/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2684281/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17020011/- | 17020011/- | 16510411/- | 509600/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13940000/- | 13940000/- | 11878077/- | 2061923/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 157000 | 157000 | 157000 | 0 | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 14119481/- | 14119481/- | 8552271/- | 5567210/- | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 11903000/- | 11903000/- | 6144190/- | 5758810/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5361000/- | 5361000/- | 3699260/- | 1661740/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണശുചിത്വം | 2198129/- | 83366/- | 2281495/- | 568606/- | 1712889/- | |
| ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ | 0 | 1,09,00,000/- | 1,90,00,000/- | 5900,000/- | 50,00,000/- | |
| ലൈബ്രറി ഗ്രാന്റ് | 0 | 13610/- | 13610/- | 13610/- | 0 | |
| Grant From Other Agencies | 5550/- | 0 | 5550/- | 0 | 5550/- | |
| സംസ്ഥാനാവിഷ്കൃതം | 824495/- | 0 | 824495/- | 0 | 824495/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1011651/- | 1011833/- | 2023484/- | 617793 | 1405691/- | |
| MNREGS | 18635/- | 1415279/- | 1433914/- | 1305468/- | 128446/- | |
| ശുചിത്വമിഷൻ | 379720/- | 0 | 379720/- | 0 | 379720/- | * |
| സാക്ഷരത | | 0 | | 0 | | |

*വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക 651240/- രൂപയാണ്.

1-4-1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നീ ഫണ്ടുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 190459120/- | 200 | 88068997/- | - | 4 | 98% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18635/- | 1415279/- | 1433914/- | 1305468/- | 128446/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36434029/- | 36434029/- | 36434029/- | 0 |
| ആകെ | 18635/- | 37849308/- | 37867943/- | 37739497/- | 128446/- |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 283560/- | 224 |
| കർഷകതൊഴിലാളി പെൻഷൻ | 523800/- | 157 |
| വിധവാപെൻഷൻ | 5427600/- | 1730 |
| വാർദ്ധക്യകാലപെൻഷൻ | 8110200/- | 2527 |
| വികലാംഗപെൻഷൻ | 1695100/- | 480 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 185400/- | - |

1-7-1 സാമൂഹ്യ സുരക്ഷാപെൻഷൻ മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു 29600/- രൂപ തിരികെ ഈടാക്കേണ്ടതാണ്

2019-2020 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും മരണമടഞ്ഞവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | തങ്കമ്മ എസ് | വാർദ്ധക്യകാല പെൻഷൻ | 103370200486 | 08/09/2018 | 10/18-04/19 | 10500/- |
| 2 | കൊച്ചുകുഞ്ഞ് | വാർദ്ധക്യകാല പെൻഷൻ | 103370200220 | 03/07/2018 | 08/18-04/19 | 13500/- |
| 3 | കുഞ്ഞപ്പി.കെ | വാർദ്ധക്യകാല പെൻഷൻ | 103370201751 | 17/11/2018 | 12/18-4/19 | 5600/- |
| | | | | | ആകെ | 29600/- |

29600/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. അതേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ മരണം രജിസ്റ്റർ ചെയ്താലും മരണപ്പെട്ട വ്യക്തി സുരക്ഷ പെൻഷൻ വാങ്ങുന്നയാളായിരുന്നു എന്ന് തിരിച്ചറിയുക ശ്രമകരവുമാണ്. ഈ സാഹചര്യത്തിൽ 23.09.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020 ധനം ഉത്തരവ് ഖണ്ഡിക 12 പ്രതിപാദിക്കുന്ന (മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കൺവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കുക) നടപടിക്രമം പാലിക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-6-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,653/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ വൗച്ചറുകൾ കൃത്യമായി ഫയൽചെയ്തു സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളും, വിതരണം നടത്തിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.
വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിതുക നിക്ഷേപിച്ച ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതായിട്ടുണ്ട്.
തെരുവു വിളക്കിന്റെ പരിപാലനം പോലുള്ള പദ്ധതി നിർവ്വഹണം സംബന്ധമായ നടപടിക്രമങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെന്റർ നടപടികൾ കാര്യക്ഷമമാണെങ്കിലും, ഗുണനിലവാരം കൂടി മോണിറ്റർ ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.03.2021 | 04/2020 മുതൽ 12/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.08.2018 | 2013-14 മുതൽ 2017-18 വരെ | 05.11.2018 |

1-11 തെരുവ് വിളക്ക് പരിപാലനം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച.

പ്രോജക്ട് നമ്പർ : SO 169/19-20,(128/18-19)
പദ്ധതി നിർവ്വഹണാധികാരി : സെക്രട്ടറി
അടങ്കൽ തുക : 500000/- (തനത് ഫണ്ട്)
ചെലവ് : 498520/-രൂപ (ചെക്ക് നം.591451/02.05.2019)

പദ്ധതിനടത്തിപ്പിനായി നമ്പർ എ5-145/18 തീയതി. 21.7.18 ആയി ദർഘാസ് ക്ഷണിച്ചു കൊണ്ട് പത്രപരസ്യം നൽകി. അംഗീകൃത വയർമാൻ ലൈസൻസ് ഉള്ളവരിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ, ദിവസവേതന അടിസ്ഥാനത്തിൽ പിക്കപ്പ് വാൻ/കാരി വാൻ ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ എന്നിവയാണ് പത്രപരസ്യംവഴി ക്ഷണിച്ചിരുന്നത്.
ശ്രീ. അഖിൽ ചന്ദ്രൻ, ഇലക്ട്രോടെക് സൊല്യൂഷൻസ്, പൂയപ്പള്ളി സമർപ്പിച്ച ടെൻഡർ 24.10.18 ലെ 3/7 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.
പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിരീക്ഷിക്കുന്നു.

1. ശ്രീ. അഖിൽ ചന്ദ്രൻ തന്റെ ടെൻഡറിൽ ലൈറ്റുകളുടെ റിപ്പയറിംഗിന് പോസ്റ്റ് ഒന്നിന് 75/-രൂപ നിരക്കും, വാഹനത്തിന് പ്രതിദിനം 1390/-രൂപയുമാണ് രേഖപ്പെടുത്തിയിരുന്നത്.
ടിയാന്റെ ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എങ്കിലും, സർക്കുലർ നം. 3055/ഡി.എ3/2011 തസ്വഭവ തീയതി 15-09-2011 ൽ പരാമർശിക്കുന്ന വിധമുള്ള അംഗീകൃത കരാറുകാരനാണ് ടിയാനെന്നതിന്റെ രേഖയില്ല. വാഹന ഉടമസ്ഥത സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 3.1.19 മുതൽ 17.4.19 വരെ തീയതികളിൽ രണ്ട് വാഹനങ്ങൾ 91 ദിവസം, 87 ദിവസം എന്നിങ്ങനെ ആകെ 178 ദിവസം ഓടിച്ചതിന് 1390/-രൂപ നിരക്കിൽ 247420/-രൂപ കണക്കാക്കി, (75/-രൂപ നിരക്കിൽ 3348 പോസ്റ്റുകളിലെ ലൈറ്റുകൾ റിപ്പയർ നടത്തിയ വകയിലുള്ള 251100/-രൂപ കൂടാതെ) ശ്രീ. അഖിൽ ചന്ദ്രന് നൽകിയിട്ടുണ്ട്. വിവിധ വാർഡുകളിലായി ഒരേ ദിവസങ്ങളിൽ രണ്ട് വാഹനങ്ങൾ ഉപയോഗിച്ചു എന്ന് ശ്രീ. അഖിൽചന്ദ്രൻ

തന്നെ അവകാശപ്പെടുന്നതിൽനിന്ന് ഒന്നിൽകൂടുതൽ വ്യക്തികൾ തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് പ്രവർത്തികളിൽ പങ്കെടുത്തു എന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ റിപ്പയറിംഗ് പ്രവർത്തികളിൽ പങ്കെടുത്തവർ ആരൊക്കെയായിരുന്നു എന്നും, പ്രസ്തുത പ്രവർത്തിചെയ്യാൻ യോഗ്യതയും വൈദഗ്ധ്യവുമുള്ളവരായിരുന്നോയെന്നും വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. (സർക്കുലർ നം.3055/ഡി.എ3/2011 തസ്വഭവ തീയതി. 15-09-2011 )

3. റിപ്പയറിങ്ങിന് ആവശ്യമായ ഇലക്ട്രോണിക്/ഇലക്ട്രിക്കൽ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയിട്ടുണ്ടെങ്കിലും, ആരാണ് കൈപ്പറ്റിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിതരണംചെയ്ത സാധനങ്ങളുടെ വിനിയോഗവും ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/9.9.2021) മറുപടിയായി, പഞ്ചായത്തിന്റെ അനിവാര്യചുമതലയായ തെരുവ് വിളക്ക് പരിപാലനത്തിൽ പ്രായോഗിക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത് എന്നാണ് സെക്രട്ടറി വിശദീകരിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുമാത്രം പദ്ധതികൾ നടപ്പാക്കാൻ മേലിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നാൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5 ക്ഷീര സൊസൈറ്റികളിൽ (വെളിയം സൊസൈറ്റി, വെളിയം പടിഞ്ഞാറ്റിൻകര ക്ഷീര സൊസൈറ്റി, മുട്ടറ ക്ഷീര സൊസൈറ്റി, മാരൂർ ക്ഷീര സൊസൈറ്റി) രണ്ട് അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. അതുപോലെ തന്നെ ചെപ്ര ക്ഷീര സൊസൈറ്റിയുടെ സ്ഥാപന തൊഴിൽ നികുതിയും യോഗക്ഷേമം ഹോസ്പിറ്റലിലെ ഡോക്ടറുടെ തൊഴിൽ നികുതിയും ഒടുക്കുവരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 3/06.09.2021

1-13 കാർഷിക കർമ്മസേനയ്ക്ക് യന്ത്രോപകരണങ്ങൾ - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | കാർഷിക കർമ്മസേന രൂപീകരണം (133/20) |
| അടങ്കൽ തുക | 480689/-(വികസന ഫണ്ട്)<br>51103/-(മറ്റുള്ളവ) |
| ചെലവ് തുക | 432317/-(1/26.6.19)<br>35122/-(5/29.8.19)<br>48052/-(1082430/27.6.19) |

കാർഷിക കർമ്മസേന രൂപീകരണം എന്ന പേരിൽ 2018-19ൽ ആവിഷ്കരിച്ച 113/19 പദ്ധതി, 2019-20 സ്പിൽ ഓവറായി (113/20) നടപ്പിലാക്കി. മേൽപദ്ധതിയ്ക്കായി 2018-19 വർഷം 226861/-രൂപയും, 2019-20 വർഷം 467439/-രൂപയും, ഗുണഭോക്തൃവിഹിതമിനത്തിൽ 48052/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 176911/-രൂപ 2018-19 വർഷവും, 432317/-രൂപ 2019-20 വർഷവും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായാണ് ചെലവഴിച്ചത്. പുതിയതായി രൂപീകരിക്കുന്ന കർമ്മസേനകൾക്ക് 3 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ നൽകാമെന്ന് 14.2.2018 ലെ സ.ഉ.(കൈ) നം. 22/18/തസ്വഭവ ഖണ്ഡിക 6.1.8-ൽ വ്യക്തമാക്കിയിരിക്കെ 609228/-രൂപയുടെ യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. അധികമായി നൽകിയ 309228/-രൂപയുടെ യന്ത്രോപകരണങ്ങൾ സബ്സിഡി മാർഗ്ഗരേഖയ്ക്ക് ലംഘനമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൂടാതെ ടി പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്ന് 29050/-രൂപ ചെലവഴിച്ച് യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗരേഖയ്ക്കനുസൃതമല്ലാതെ ചെലവഴിച്ച 309228 + 29050 = 338278/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക – 338278/-

ഓഡിറ്റ് എൻക്വയറി നം.1/6.9.2021

1-14 മേശയും കസേരയും വ്യത്യസ്തനിരക്കിൽ വാങ്ങിയതിലെ നഷ്ടം

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണം നടത്തിയ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതികളിൽ വ്യത്യസ്ത നിരക്കിലുള്ള ക്വട്ടേഷനുകൾ അംഗീകരിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റൻറ് സെക്രട്ടറി |

| പദ്ധതി, നം | പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് മേശയും കസേരയും(37/20) | പട്ടിക ജാതി വിദ്യാർഥികൾക്ക് മേശയും കസേരയും(44/20) |
|---|---|---|
| അടങ്കൽ തുക | 7586/- (വികസന ഫണ്ട് TSP) | 311285/- (വികസന ഫണ്ട് SCP) |
| ചെലവ് തുക | 7586/- (9/18.12.19) | 311285/- (16/18.1.20) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനമാണ്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് വിഷ്ണു സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനമാണ്.

രണ്ട് പദ്ധതികൾക്കും ഒരേ സ്പെസിഫിക്കേഷനോട് കൂടിയ ഇനങ്ങൾക്കാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. രണ്ട് പദ്ധതികൾക്കുമായി ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും അംഗീകരിച്ചതിന്റേയും സപ്ലൈ ഓർഡർ നൽകിയതിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് മേശയും കസേരയും(37/20) | പട്ടിക ജാതി വിദ്യാർഥികൾക്ക് മേശയും കസേരയും (44/20) |
|---|---|---|
| മേശ,കസേര സ്പെസിഫിക്കേഷൻ | കസേര 18G,Armed Chair (Seat And Back Cushioned)<br>മേശ18G, Steel Table-36x18x30 | കസേര 18G, Armed Chair (Seat And Back Cushioned)<br>മേശ 18G, Steel Table-36x18x30 |
| ക്വട്ടേഷൻ ദർഘാസ് പരസ്യം തീയതി | 28.9.19 | 27.9.19 |
| ക്വട്ടേഷൻ/ടെണ്ടർ സമർപ്പിച്ച തീയതി | 11.10.19 | 11.10.19 |
| ക്വട്ടേഷൻ/ടെണ്ടർ അംഗീകരിച്ച തീയതി | 17.10.19 | 17.10.19 |
| ക്വട്ടേഷൻ/ടെണ്ടർ അംഗീകരിച്ച സ്ഥാപനം | വിഷ്ണു സ്റ്റീൽ | പ്ലാസ എന്റർപ്രൈസസ് |
| സപ്ലൈ ഓർഡർ നൽകിയ തീയതി | 21.10.19 | 31.10.19 |
| സപ്ലൈ ചെയ്ത തീയതി | 26.11.19 | 10.12.19 |
| സപ്ലൈ ചെയ്ത മേശ, കസേര നിരക്ക് | മേശ-2850/-<br>കസേര-943/-<br>-----------------<br>ആകെ – 3793/- | മേശ-2999/-<br>കസേര-1790/-<br>------------------<br>ആകെ – 4789/- |

സ്റ്റോർ പർച്ചേസ് മാന്വൽ ജി.ഒ.പി. നം3/2013 തീയതി 21.6.2013 ഖ.7.33.3 പ്രകാരം ഒരേ സാധനങ്ങൾ/ഒരേ തരത്തിൽ പെട്ട സാധനങ്ങൾ ഒരു സാമ്പത്തികവർഷം വാങ്ങുന്നതിന് ഒന്നിലധികം തവണ ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഒരു നിർവഹണ ഉദ്യോഗസ്ഥൻ തന്നെ രണ്ട് പദ്ധതി കളിലായി ഒരേ ഇനം മേശയും കസേരയും വ്യത്യസ്ത നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മേശ, കസേര വാങ്ങിയ സ്ഥാപനം | മേശ, കസേര വാങ്ങിയ നിരക്ക്/മേശ, കസേര |
|---|---|
| വിഷ്ണു സ്റ്റീൽ | 3793/- |
| പ്ലാസ എന്റർപ്രൈസസ് | 4789/- |
| വ്യത്യാസം | 996/- |

സ്റ്റോർ പർച്ചേസ് ചട്ടങ്ങളും, പ്രൊക്വയർമെന്റ് മാർഗത്തേയും പാലിയ്ക്കാതെ, വ്യത്യസ്ത പദ്ധതികൾക്കായി ഒരേ ഇനം മേശയും കസേരയും 28/09/19, 27/09/19 തീയതികളിൽ വ്യത്യസ്ത ക്വട്ടേഷൻ ക്ഷണിക്കുകയും, 17/10/19ൽ രണ്ടു ക്വട്ടേഷനുകളും വ്യത്യസ്ത നിരക്കിൽ അംഗീകരിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 13/09/21 ൽ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രണ്ടു പദ്ധതികളിൽ കൂടിയ എണ്ണം മേശയും കസേരയും ആവശ്യമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിയതിന്, മേശയും കസേരയുമുൾപ്പെടുന്ന ഒരു സെറ്റിന് 996/-രൂപ വീതം അധികമായി, പദ്ധതി നിർവ്വഹണത്തിനായി ആകെ 65 X 996 = 64740/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഇത് നഷ്ടത്തിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 64740/-രൂപ
ഓഡിറ്റ് എൻക്വയറി നം. 14/13.9.21

1-15 മരാമത്ത് പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയതിൽ കുറവ്.

മരാമത്ത് പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കാത്ത പക്ഷം പ്രസ്തുത സമയ പരിധിയിൽ കൂടുതൽ വരുന്ന മൂന്നുമാസ കാലയളവിലേയ്ക്ക് കരാർതുകയുടെ ഒരു ശതമാനം പിഴ ചുമത്തണമെന്ന കരാർ വ്യവസ്ഥ നിലനിൽക്കെ

അന്തിമ ബിൽ പ്രകാരം നൽകിയ തുകയ്ക്ക് മാത്രം ഫൈൻ ഈടാക്കി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. : 144/20(സ്പിൽ ഓവർ)
പ്രവത്തിയുടെ പേര് : ഉറവൂർ മാക്കോട് പുത്തലം കൈതാകോണം റോഡ് സൈഡ്കെട്ടും കലുങ്ക് നിർമാണവും.
അടങ്കൽ : 5,50,000/-
കരാർ നം. : 58/AE/LSGD/vlm/18-19/19.11.18

കരാർ തുക : 546946/-
കരാറുകാരൻ : ശ്രീ. പ്രവീൺ
എം.ബുക്ക് നം. : 43/18-19&83/18-19
ആകെ പ്രവൃത്തിമൂല്യം : 442311/-
ബിൽ നം./തീയതി/തുക : 193305/-2018-19)

11 തീ. 4.9.19/260756/-രൂ.

പ്രവൃത്തി പൂർത്തിയാക്കാൻ അനുവദനീയ സമയം = 180 ദിവസം

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ടിവന്ന ദിവസം = 224 ദിവസം

ഈടാക്കേണ്ട ഫൈൻ = 5469/-

ഈടാക്കിയ ഫൈൻ = 2490/-

ഫൈൻ ഇനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന തുക = 2979/-

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം തുക നൽകിയ പ്രവൃത്തികൾ കാലാവധിയ്ക്കുള്ളിൽത്തന്നെ ആയതിനാൽ ഫൈൻ പിടിയ്ക്കുകയുണ്ടായില്ല എന്നും എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ കാലാവധി കഴിഞ്ഞതിനാൽ സെക്കൻഡ് & ഫൈനൽ ബിൽ പ്രകാരം ബാക്കി വന്ന പ്രവൃത്തിയ്ക്ക് മാത്രം ഫൈൻ ഈടാക്കി എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

സമയബന്ധിതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത പക്ഷം പ്രസ്തുത സമയ പരിധിയിൽ കൂടുതൽ വരുന്ന മൂന്നുമാസ കാലയളവിലേയ്ക്ക് കരാർ തുകയെ ആധാരമാക്കി ആയതിന്റെ ഒരു ശതമാനം പിഴ ചുമത്തണമെന്ന കരാർ വ്യവസ്ഥ നിലനിൽക്കെ അന്തിമ ബിൽ പ്രകാരം നൽകിയ തുകയ്ക്ക് മാത്രം ഫൈൻ ഈടാക്കിയ നടപടി അംഗീകരിയ്ക്കാനാവില്ല.

ഫൈൻ തുക പഞ്ചായത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 2979/-
ഓഡിറ്റ് എൻക്വയറി നം. 13/13.09.21

1-16 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വെറ്റിനറി സർജൻ 2019-20 വർഷം നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകളും, വൗച്ചറുകളും, രജിസ്റ്ററുകളും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2019-20 സാമ്പത്തിക വർഷം ട്രഷറി ബിൽബുക്ക് പ്രകാരം ചെലവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ( ബിൽ ബുക്ക് എൻട്രി പൂർണ്ണമല്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.)

| ബിൽ നം., തീയതി | തുക (രൂ) |
|---|---|
| 1/1.1.20 | 393750/- |
| 2/18.1.20 | 3,60,000/- |
| 5/11.3.20 | 74,790/- |
| 6/11.3.20 | 1,01,750/- |
| 7/11.3.20 | 5,75,000/- |
| ആകെ | 15,05,290/- |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം | ചെലവ് വിവരം |
|---|---|
| പോത്ത്കുട്ടി വളർത്തൽ (31/20) | 360000/- (വികസന ഫണ്ട്)<br>360000/- (ഗുണ.വിഹിതം) |
| പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (32/20) | 393750/- (വികസന ഫണ്ട്) |
| എ ബി സി പദ്ധതി (33/20) | 195054/- (വികസന ഫണ്ട്) |
| മുട്ടക്കോഴി വളർത്തൽ (34/20) | 210705/- (ഗുണ.വിഹിതം) |
| പശു വളർത്തൽ (35/20)SO | 575000/- (വികസന ഫണ്ട്)<br>600000/- (ഗുണ.വിഹിതം) |

ഫയലുകൾ ഹാജരാക്കാനായി ഓഡിറ്റ് റിക്വിസിഷൻ നം.1/1.9.21, ഓഡിറ്റ് എൻക്വയറി നം.12/10.9.21 പ്രകാരം ആവശ്യപ്പെട്ടിട്ടും ഫയലുകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവഹണ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തൻ വർഷം ചെലവ് ചെയ്ത 15,05,290/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക - 1505290/- രൂപ
ഓഡിറ്റ് റിക്വിസിഷൻ നം - 1/1.9.21
ഓഡിറ്റ് എൻക്വയറി നം. - 12/10.9.21

1-17 പാലിന് സബ്സിഡി- പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 55/2020

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ
പദ്ധതി അടങ്കൽ = 15,00,00/-
ഫണ്ടിനം പൊതുവിഭാഗം = 2,00,000/-
ബ്ലോക്ക് പഞ്ചായത്ത് = 9,00,000/-
ജില്ലാ പഞ്ചായത്ത് = 4,00,000/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നം | ബിൽ നം / ചെക്ക് നം | തീയതി | തുക (രൂപ) | ക്രമ നം | ബിൽ നം / ചെക്ക് നം | തീയതി | തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | 1 | 26.02.2020 | 44599/- | 8 | 9 | 30.03.2020 | 124507/- |
| 2 | 2 | 26.02.2020 | 87567/- | 9 | 10 | 31.03.2020 | 33880/- |
| 3 | 3 | 26.02.2020 | 49195/- | 10 | 11 | 31.03.2020 | 36141/- |
| 4 | 4 | 26.02.2020 | 18639/- | 11 | 1673457 | 06.02.2020 | 263803/- |
| 5 | 5 | 30.03.2020 | 58920/- | 12 | 1673862 | 09.03.2020 | 122420/- |
| 6 | 6 | 30.03.2020 | 63820/- | 13 | 1673861 | 09.03.2020 | 171763/- |
| 7 | 7 | 30.03.2020 | 96586/- | 14 | 1673865 | 16.03.2020 | 142014/- |

ആകെ = 1313854/-

ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-17 (1) അനുവദനീയമായതിലും അധികമായി 28648/- രൂപ അനുവദിച്ചു

14.02.2018 ലെ സ.ഉ (കൈ) നം.22/2018/ത.സ്വ.ഭവ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 4 രൂപ തോതിൽ
( ക്ഷീര വികസന വകുപ്പ് നല്കുന്ന 1 രൂപ ഉൾപ്പെടെ ) സബ്സിഡിക്ക് അർഹതയുണ്ട്. എന്നാൽ മേൽപരിധിയിലധികമായും, ക്ഷീരവകുപ്പ് നൽകേണ്ട സബ്സിഡി ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗിച്ച് നൽകിയതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശം

ച്ചവടെ ചേർക്കുന്നു.

എ) ചെപ്ര ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 09/2019മുതൽ 12/2019 വരെ അളന്ന പാലിന് ബിൽ നം 5/30.03.2020, ചെക്ക് നം 1673862 /09.03.2020 എന്നിവ പ്രകാരം പാലിന് സബ്സിഡി അനുവദിച്ചു .

ബി) പൂവ ക്ഷീരോല്പാദക സഹകരണ സംഘത്തിൽ 04/2019 മുതൽ 09/2019 വരെ അളന്ന പാലിന് ബിൽ നം 10/31.03.2020, ബിൽ നം 10/31.03.2020 എന്നിവ പ്രകാരം പാലിന് സബ്സിഡി അനുവദിച്ചു .

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് | പേര് / അക്കൗണ്ട് നം | പാലളവ് വിവരം 09/2019 മുതൽ 12/2019 വരെ (ലിറ്ററിൽ) | അനുവദനീയമായ സബ്സിഡി | | ബിൽനം./ ചെക്ക് നം | അനു വദിച്ച തുക (രൂപ) | ആകെ അനുവദിച്ച തുക (രൂപ) | അധികമായി അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|---|---|---|---|
| | | | | തദ്ദേശ സ്ഥാപനം 3 രൂപ ക്രമത്തിൽ | ക്ഷീര വികസന വകുപ്പ് 1 രൂപ ക്രമത്തിൽ | | | | |
| 1 | ചെപ്ര ക്ഷീരോൽപാദക സഹകരണ സംഘം | വിജയകുമാരി എം 12240100178282 | 767+677+ 435+289 =2168 | 6504/- | 2168/- | 5/30.03.20 1673862/ 09.03.20 | 5637/- 8892/- | 14529/- | 5857/- |
| 2 | "" | ഉദയകുമാരക്കുറുപ്പ് 67163883731 | 338+315+ 235+190 =1078 | 3234/- | 1078/- | 5/30.03.20 1673862/ 09.03.20 | 3552/- 4056/- | 7608/- | 3296/- |
| 3 | "" | അംബിക എ 20184905839 | 297+289+ 298+202 =1086 | 3258/- | 1086/- | 5/30.03.20 1673862/ 09.03.20 | 3536/- 2936/- | 6472/- | 2128/- |
| 4 | "" | അനിൽകുമാർ എസ് 67242324444 | 554+559+ 458+372 = 1943 | 5829/- | 1943/- | 5/30.03.20 1673862/ 09.03.20 | 6284/- 6392/- | 12676/- | 4904/- |
| 5 | "" | വിജയചന്ദ്രബാബു 67378302006 | 720+698+ 491+393 = 2302 | 6906/- | 2302/- | 5/30.03.20 1673862/ 09.03.20 | 7636/- 8332/- | 15968/- | 6760/- |
| 6 | "" | ഗോപിനാഥൻപിള്ള എസ് 67381066617 | 258+233+ 308+340 =1139 | 3417/- | 1139/- | 5/30.03.20 1673862/ 09.03.20 | 3196/- 2416/- | 5612/- | 1056/- |
| 7 | "" | പ്രഭാകരൻ എൻ 67217144190 | 193+176+ 133+94 =596 | 1788/- | 596/- | 5/30.03.20 1673862/ 09.03.20 | 2008/- 2853/- | 4861/- | 2477/- |
| 8 | പൂവ ക്ഷീരോൽപാദക സഹകരണ സംഘം | കുമാരി. ഷീല 528002010096033 (പാലളവ് 4/09 മുതൽ 9/19 വരെ) | 490.01+ 480.21+ 500.42+ 520.2+ 550.01+ 542.01 = 3082.68 | 9248/- | 3082/- | 10/31.03.2020 11, 31.03.2020 | 9000/- 5500/- | 14500/- | 2170/- |
| | | ആകെ | | 40184/- | 13394/- | | | 82226/- | 28648/- |

ആകെ അനുവദനീയമായ സബ്സിഡി തുകയായ 53578/-രൂപയിൽ 13394/-രൂപ ക്ഷീരവികസന വകുപ്പിൽ നിന്ന് നൽകേണ്ടുന്ന ഒരു രൂപ ക്രമത്തിലുള്ള സബ്സിഡി, ക്ഷീരവികസന വകുപ്പിൽ നിന്ന് ലഭ്യമാക്കി തദ്ദേശ സ്ഥാപന ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും, പാലളവിന് അധികമായി അനുവദിച്ച 28648/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതുമാണ്.

1-17 (2) 7050/- രൂപ ഒന്നിലധികം തവണ വിതരണം ചെയ്തു.

ഒരേ ഗുണഭോക്താവിന് പാലിന് സബ്സിഡി ഇനത്തിൽ ഒരേ തുക ഒന്നിലധികം തവണ പല ബില്ലുകൾ വഴി വിതരണം ചെയ്തതായി കാണുന്നു. എന്നാൽ സമാനമായ തുകയെ സാധൂകരിക്കുന്ന പാലളവ് പത്രികകൾ ഫയലിലില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/അക്കൗണ്ട് നം | ബിൽ വിശദാംശം | അനുവദിച്ച തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | ചന്ദ്രശേഖരൻ പിള്ള 67206999817 | 1/26.02.2020 ക്രമ നം 1 | 537/- | 537/- |
| | | 2/26.02.2020 ക്രമ നം 5 | 537/- | |
| 2 | ജ്യോതികുമാർ 57022959174 | 1/26.02.2020 ക്രമ നം 3 | 2247/- | 2247/- |
| | | 2/26.02.2020 ക്രമ നം 9 | 2247/- | |
| 3 | മണിമോഹനൻ പിള്ള 67337018678 | 1/26.02.2020 ക്രമ നം 4 | 903/- | 903/- |
| | | 2/26.02.2020 ക്രമ നം 10 | 903/- | |
| 4 | മധുസൂദനൻ പിള്ള 12740100165859 | 1/26.02.2020 ക്രമ നം 5 | 921/- | 921/- |
| | | 2/26.02.2020 ക്രമ നം 11 | 921/- | |
| 5 | അച്ചൻകുഞ്ഞ് 12240100243698 | 1/26.02.2020 ക്രമ നം 20 | 1221/- | 2442/- |
| | | 2/26.02.2020 ക്രമ നം 33 | 1221/- | |
| | | 5/30.03.2020 ക്രമ നം 16 | 1221/- | |
| | | | | 7050/- |

ഖണ്ഡിക 17.1, 17.2 എന്നിവയിൽ പ്രതിപാദിക്കുന്ന 35698/- രൂപ അധികം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/19-20 തീയതി 17.09.2021, 16/15.09.2021) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-17 (3) രേഖകളുടെ അഭാവത്തിൽ 1178991/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ്, ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കേണ്ടത്. താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ആധാരമാക്കിയ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകളിൽ പ്രസ്തുത ബില്ലുകൾക്കൊപ്പം ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | ഹാജരാക്കാത്ത രേഖ | ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത ചെലവ് തുക (രൂപ) |
|---|---|---|---|
| 1 | 1/26.02.2020 | ക്രമ നം 19 ഗിരീഷ് എൻ മുട്ടറ ക്ഷീര സംഘം, ചെപ്ര ക്ഷീര സംഘം എന്നിവയുടെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല | 435/- |
| 2 | 2/26.02.2020 | ക്രമ നമ്പർ 36 അനിൽകുമാർ രൂപ 1116/- ക്രമനമ്പർ 31 സാംകുട്ടി രൂപ 2958/- എന്നിവർ ഒഴികെ 35 ക്ഷീരകർഷകർ | 83493/- |

| | | | |
|---|---|---|---|
| | | 83493/-രൂപ കൈപ്പറ്റുന്നതിന് ആധാരമാക്കിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | |
| 3 | 3/26.02.2020 | 17 ഗുണഭോക്താക്കൾക്ക് 49195/- രൂപ വിതരണം ചെയ്യുന്നതിന് ആധാരമാക്കിയ വെളിയം പടിഞ്ഞാറ്റിൻകര ക്ഷീരസംഘത്തിലെ പാൽ അളവ് സ്റ്റേറ്റ്മെന്റ് സംഘം സാക്ഷ്യപ്പെടുത്തിയിട്ടില്ല | 49195/- |
| 4 | 4/26.02.2020 | 9 പേർക്ക് 18639/- രൂപ വിതരണം ചെയ്തതിന് ആധാരമാക്കിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ഇല്ല | 18639/- |
| 5 | 5/30.03.2020 | 17 പേർക്ക് 58920/- രൂപ വിതരണം ചെയ്തതിൽ ചെപ്ര ക്ഷീര സംഘത്തിലെ 8 പേരുടെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് മാത്രമാണുള്ളത്<br>പാൽ അളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു<br>ക്രമനമ്പർ 1 മധുസൂദനൻ പിള്ള- 4216/-<br>ക്രമനമ്പർ 2 സജു കെ -12132/-<br>ക്രമനമ്പർ 3 സുമൻ- 798/-<br>ക്രമനമ്പർ 4 സുധീർ- 3687/-<br>ക്രമനമ്പർ 12 സാംകുട്ടി- 2067/-<br>ക്രമനമ്പർ 13 പുഷ്പരാജൻ- 444/-<br>ക്രമനമ്പർ 14 ഗിരീഷ് എൻ- 435/-<br>ക്രമനമ്പർ 15 തോമസ് സാജൻ 1051/-<br>ക്രമനമ്പർ 16 അച്ചൻകുഞ്ഞ്- 1221/- | 26051/- |
| 6 | 6/30.03.2021 | 25 പേർക്ക് 63820/- രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 63820/- |
| 7 | 7/30.03.2020 | 24 പേർക്ക് 96586/- രൂപ അനുവദിച്ച ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തിയ പാൽ അളവ് സ്റ്റേറ്റ്മെന്റ് ബില്ലിനൊപ്പം ഇല്ല | 96586/- |
| 8 | 9/30.03.2020 | 41 പേർക്ക് 124507/- രൂപ വിതരണം ചെയ്ത വെളിയം പടിഞ്ഞാറ്റിൻകര ക്ഷീര സംഘത്തിന്റെ പാൽ അളവ് സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്റ്റേറ്റ്മെന്റ് തന്നെയാണ് ബിൽ നമ്പർ മൂന്നിന് ഒപ്പവും ഉൾപ്പെടുത്തിയിരിക്കുന്നത് ബിൽ തയ്യാറാക്കുന്നതിന് ഏതൊക്കെ കാലയളവിലെ പാലളവാണ് പരിഗണിച്ചത് എന്നും എത്ര നിരക്കാണ് അനുവദിച്ചതെന്നും വ്യക്തമല്ല | 124507/- |
| 9 | 10/31.03.2021 | 14 പേർക്ക് 33880/- രൂപ അനുവദിച്ച ആയതിൽ പുതുവ ക്ഷീരസംഘത്തിലെ 8 പേരുടെ പാൽ അളവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ബില്ലിനൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഏതൊക്കെ മാസങ്ങളിലെ പാൽ | 33880/- |

| | | | | | |
|---|---|---|---|---|---|
| | | | അളവാണ് ബിൽ തയ്യാറാക്കുന്നതിനായി പരിഗണിച്ചത് എന്നും എത്ര നിരക്കാണ് അനുവദിച്ചതെന്നും വ്യക്തമല്ല .<br>ലിസ്റ്റിൽ ഇല്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>ക്രമനമ്പർ 3 വിജയശ്രീ 1700/-<br>ക്രമനമ്പർ 4 സൗദാമിനിയമ്മ-2250/-<br>ക്രമനമ്പർ 6 അനിൽ രാജ്-1850/-<br>ക്രമനമ്പർ 7 ശ്യാമള- 2000/-<br>ക്രമനമ്പർ 9 കിഷോർ കൃഷ്ണൻ-2250/-<br>ക്രമനമ്പർ 14 മനോജ് ലാൽ-850/- | | |
| | 10 | 11/31.03.2021 | 12 പേർക്ക് ആനുകൂല്യം നൽകി ആയതിൽ ബിൽ നമ്പർ 10 ന് ഒപ്പം സമർപ്പിച്ച പുതുവ ക്ഷീര സംഘത്തിന്റെ സംഘത്തിന്റെ ഏപ്രിൽ 2019 മുതൽ സെപ്റ്റംബർ 2019 വരെയുള്ള പാൽ അളവ് സ്റ്റേറ്റ്മെന്റ് തന്നെയാണ് ബിൽ നമ്പർ 11 ന് ഒപ്പവും സമർപ്പിച്ചിരിക്കുന്നത്.<br>മേൽ പരാമർശിച്ച 12 പേരിൽ ക്രമനമ്പർ 1 കുമാരി ഷീല ക്രമനമ്പർ 2 ശശിധരൻപിള്ള, ക്രമനമ്പർ 12 മറിയാമ്മ എന്നിവർ മാത്രമാണ് പാൽ അളവ് സ്റ്റേറ്റ്മെന്റിൽ ഉള്ളത്. താഴെ ചേർക്കുന്നവർ പാൽ അളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.<br>ക്രമനമ്പർ 3 രമാഭായ് 1500/- രൂപ<br>ക്രമനമ്പർ 4 കെ ജി ജോർജ് 4500/- രൂപ<br>ക്രമനമ്പർ 5 പുഷ്പ കുമാരി 2000/- രൂപ<br>ക്രമനമ്പർ 6 സിന്ധു ലേഖ 5500/- രൂപ<br>ക്രമനമ്പർ 7 രാഖി രാജൻ 1200/- രൂപ<br>ക്രമനമ്പർ 8 ബേബി കുട്ടി എം 2500/- രൂപ<br>ക്രമനമ്പർ 9 രമാദേവി 2500/- രൂപ<br>ക്രമനമ്പർ 10 സുധാകരൻ പിള്ള 3000/- രൂപ<br>ക്രമനമ്പർ 11 രമ 4791/- രൂപ | 27491/- | |
